# പതിമൂന്നാം കേരള നിയമസഭ
## ഒൻപതാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത
ചോദ്യം നമ്പർ : 3717 — 25.06.2013-ൽ മറുപടിക്ക്

## 'അഗ്രിൻകൊ'-യിലെ സാമ്പത്തിക അഴിമതി

| ചോദ്യം | മറുപടി |
|---|---|
| ശ്രീ. ജെയിംസ് മാത്യു : | ശ്രീ. സി.എൻ. ബാലകൃഷ്ണൻ (സഹകരണവും ഖാദി ഗ്രാമവ്യവസായവും മലിനീകരണനിയന്ത്രണവും വകുപ്പുമന്ത്രി) |
| (എ) സഹകരണ മേഖലയിൽ കണ്ണൂർ ജില്ലയിൽ പ്രവർത്തനമാരംഭിച്ച അഗ്രിൻകൊ എന്ന സഹകരണ സ്ഥാപനത്തിന്റെ ആരംഭം മുതൽ 18-7-2012 വരെയുള്ള പ്രസിഡന്റ് ആരായിരുന്നു ; വ്യക്തമാക്കുമോ ; ഇപ്പോൾ പ്രസിഡന്റ് ആരാണ് ; | (എ) ശ്രീ. എം. കെ. രാഘവൻ - ഇപ്പോഴും തുടരുന്നു. |
| (ബി) സംസ്ഥാന സഹകരണ ബാങ്കിന് ലഭിക്കാനുള്ള ക്യാഷ് ക്രഡിറ്റ് വായ്പ തിരിച്ചടയ്ക്കാത്തത് കാരണം ഈ സ്ഥാപനത്തിനെതിരെ ഫയൽ ചെയ്തിട്ടുള്ള കേസിൽ ഇപ്പോഴത്തെ അവസ്ഥയെന്തെന്ന് വ്യക്തമാക്കാമോ ; | (ബി) അഗ്രിൻകൊയ്ക്കെതിരെ ബാങ്ക് ആർബിട്രേഷൻ നടപടി സ്വീകരിക്കുകയും അവാർഡു ലഭ്യമാക്കുകയും ചെയ്തു. എന്നാൽ ടി അവാർഡിനെതിരെ അഗ്രിൻകൊ അപ്പീൽ ഫയൽ ചെയ്തിരിക്കുകയാണ്. |
| (സി) ഈ സ്ഥാപനവുമായി ബന്ധപ്പെട്ട് നടന്ന വൻ സാമ്പത്തിക അഴിമതിയിൽ ഉൾപ്പെട്ട തുക തിരിച്ച് പിടിക്കാൻ നടപടി സ്വീകരിക്കുമോ ? | (സി) അഗ്രിൻകൊയുടെ 2004-05 വർഷത്തെ ആഡിറ്റിൽ കണ്ടെത്തിയ ഗുരുതരമായ ക്രമക്കേടുകളെ സംബന്ധിക്കുന്ന സ്പെഷ്യൽ റിപ്പോർട്ട് സംബന്ധിച്ച് സഹകരണ വിജിലൻസ് ഡി.ഐ.ജി മുഖേന അന്വേഷണം നടത്തുന്നതിന് നിർദ്ദേശം നൽകിയിട്ടുണ്ട്. കൂടാതെ സംഘത്തിലെ ഗുരുതരമായ ക്രമക്കേടുകളെ സംബന്ധിച്ച് സഹകരണ നിയമം 66-ാം വകുപ്പ് പ്രകാരമുള്ള അന്വേഷണത്തിന് സഹകരണ രജിസ്ട്രാർ നിർദ്ദേശം നൽകിയിട്ടുണ്ട്. അന്വേഷണം പൂർത്തീകരിച്ച് റിപ്പോർട്ട് ലഭിക്കുന്ന മുറയ്ക്ക് നടപടി സ്വീകരിക്കുന്നതാണ്. |

സെക്ഷൻ ഓഫീസർ